# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1195/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1195/2023 തീയ്യതി: 30/09/2023

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 10-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജിമോൻ പി പി,ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസഫ് ജോർജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി കെ ചന്ദ്രശേഖരൻ നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അനിൽകുമാർ കെ | സെക്രട്ടറി | 01-04-2022 | 03-10-2022 |
| അജീഷ് പി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2022 | 09-10-2022 |
| എം എം ഷംസുദ്ദീൻ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഖദീജ ബീവി കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 01-04-2022 | 28-10-2022 |
| ഡോ. ബി സുധാകർ | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 29-10-2022 | 31-03-2023 |
| ഡോ. സജി ജോൺ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| രാജേന്ദ്രൻ എം എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. എ സോളമൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 22-08-2022 |
| ഡോ. പി കെ ലത | മെഡിക്കൽ ഓഫീസർ ആയുർവേദം | 23-08-2022 | 31-03-2023 |
| രശ്മി. എൻ | വി ഇ ഒ വാരപ്പെട്ടി | 01-04-2022 | 28-08-2022 |
| ശോഭ പി ജി | വി ഇ ഒ വാരപ്പെട്ടി | 29-08-2022 | 31-03-2023 |
| പ്രഭാത് പി | വി ഇ ഒ കോഴിപ്പിള്ളി | 01-04-2022 | 31-03-2023 |
| നസ്രിൻ നാസർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 10-05-2022 |
| ഹനീസ കെ എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 11-05-2022 | 11-07-2022 |
| നസ്രിൻ നാസർ | ഐ സി ഡി എസ് സൂപ്പർവൈസർ | 12-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. റോബിൻ ജെ പോൾ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| പി അലിയാർ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് എളങ്ങവം | 01-04-2022 | 31-05-2022 |
| ശോഭന കെ പി | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് എളങ്ങവം | 01-06-2022 | 30-06-2022 |
| ഷെർമി ജോർജ്ജ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് എളങ്ങവം | 01-07-2022 | 31-03-2023 |
| എലിസബത്ത് ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കൃത്യമല്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക കൃത്യമല്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസം | 1-1-8 |
| 10 | ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുകയിലെ അപാകത | 1-1-9 |
| 11 | ഇ-ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനത് വരുമാനം - അവലോകനം | 1-11 |
| 22 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല. | 1-12 |
| 23 | യു.പി.ഐ മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-13 |
| 24 | ലേലം - വരവ് തുക ഡെപ്പോസിറ്റായി തുടരുന്നു | 1-14 |
| 25 | കെട്ടിടങ്ങളുടെ എക്സ്റ്റൻഷനായി നൽകുന്ന പെർമിറ്റുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-15 |
| 26 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-16 |

| | | |
|---|---|---|
| 27 | ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം | 1-17 |
| 28 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല-സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം | 1-18 |
| 29 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക തീർപ്പാക്കൽ - പഞ്ചായത്ത് നടപടി പ്രശംസനീയം | 1-19 |
| 30 | സ്ട്രീറ്റ് ടാപ്പുകൾ - പണം അടച്ചവ പൂർണ്ണമായും വിച്ഛേദിച്ചിട്ടില്ല. | 1-20 |
| 31 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമല്ല. | 1-21 |
| 32 | തരിശ് കിഴങ്ങ് കൃഷി-മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-22 |
| 33 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-23 |
| 34 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വകയിരുത്തുന്ന തുക അപര്യാപ്തം | 1-24 |
| 35 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല | 1-25 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-26 |
| 37 | കെ.എസ്.ഇ.ബി. - നിക്ഷേപ പ്രവൃത്തി - പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 38 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല. | 1-28 |
| 39 | നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല | 1-29 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കുവാൻ നടപടി സ്വീകരിക്കണം | 1-30 |
| 41 | മഴക്കാലപൂർവ്വ ശുചീകരണം മുൻകൂർ - തുക തിരികെ ലഭിച്ചിട്ടില്ല. | 1-31 |
| 42 | ഓഡിറ്റ് ഇംപാക്ട് - ₹91,450 പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കി. | 1-32 |
| ഭാഗം **2** | | |
| 1 | യു.പി.ഐ മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകകൾ അക്കൗണ്ടിൽ വരവു വന്നിട്ടില്ല | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 3/220/2023 (1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023- ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:എറണാകുളം
തീയതി:24/08/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3237685/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14172429/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി വിവരങ്ങൾ കൃത്യമല്ല

B11 ഷെഡ്യൂളിൽ ആസ്തി രേഖപ്പെടുത്തിയിരിക്കുന്നത് Other Fixed Assets എന്ന ഹെഡ്ഡിൽ ₹3611583/- മാത്രമാണ്. എന്നാൽ 10 ഹെഡ്ഡുകളിലായി ഡിപ്രീസിയേഷൻ -₹40330298/- രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ B-3 എന്നത് ഫിക്സഡ് അസറ്റിന്റെയും (B-11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11b) ആകെ തുകയാണ്. എന്നാൽ ഇവ തമ്മിൽ ₹81263309/- യുടെ വ്യത്യാസം നിലനില്ക്കുന്നു.

### 1-1-5 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വിവിധ ഇനങ്ങളിലായി ₹642563/- കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ സാംഖ്യ-സഞ്ചയ സോഫ്റ്റ്വെയറുകളിലെ ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-7 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക കൃത്യമല്ല

നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം ₹2,00,000/- നൽകിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ RP-49 ഷെഡ്യൂളിൽ ₹1,00,000/- മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂർ രജിസ്റ്ററിൽ കെ എസ് ഇ ബി, വാട്ടർ അതോറിട്ടി എന്നിവയ്ക്ക് നൽകിയ മുൻകൂറിന്റെ മുന്നിരിപ്പ് യഥാക്രമം ₹42068/-, ₹187188/- രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ പദ്ധതികളുടേതാണെന്നും കൈമാറിയ തീയതി, വൗച്ചർ നമ്പർ എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസം

വാർഷിക ധനകാര്യപത്രികയിലെ 340200106 ഹെഡ്ഡിലെ Deposit Received For Halls And Auditoriums ഇനത്തിലെ ചെലവ്, ബാലൻസ് എന്നിവ യഥാക്രമം ₹95000/-, ₹51400/- എന്നിങ്ങനെയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇത് യഥാക്രമം ₹92500/-, ₹53900/- ആണ്. ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (340100203) ഇനത്തിൽ ₹2000/-, ഓക്ഷൻ ഡെപ്പോസിറ്റ് ( 340200102) ഇനത്തിൽ ₹500/- എന്നിങ്ങനെ ആകെ ₹2500/- ഡെപ്പോസിറ്റ് ഹെഡ്ഡിൽ നിന്ന് വരുമാനത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-9 ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുകയിലെ അപാകത

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-2 പ്രകാരം ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് ₹45129/- ആണ്. എന്നാൽ പാസ്സ്ബുക്ക് പ്രകാരം ₹41459/- ആണ് (വ്യത്യാസം ₹3670/-)

### 1-1-10 ഇ-ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല

ഇ -ടെൻഡർ ഫീസിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള SBI അക്കൗണ്ടിൽ (നം.00000038440179201) ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 17.03.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 18.03.2022 ലെ 1 (1) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 06.03.2023 ലെ 5(1) -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1(1) /18.03.2023 | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1(1) /18.03.2023 |
|---|---|---|
| മുന്നിരുപ്പ് | ₹64,90,452 | ₹64,90,452 |
| വരവ് | ₹16,41,15,740 | ₹14,50,64,818 |
| ചെലവ് | ₹16,32,23,380 | ₹14,36,44,594 |
| നീക്കിയിരുപ്പ് | ₹73,82,812 | ₹79,10,676 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,76,33,486 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹2,85,33,933 |
| ആകെ | : | ₹4,61,67,419 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,52,96,248 |
| നീക്കിയിരുപ്പ് | : | ₹2,08,71,171 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹12114000 | ₹12114000 | ₹11250154 | 0 | ₹863846 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹2085000 | ₹2085000 | ₹2043255 | 0 | ₹41745 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹9657000 | ₹9657000 | ₹7071351 | 0 | ₹2585649 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹4570000 | ₹4570000 | ₹3993715 | 0 | ₹576285 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | ₹931431 | ₹2107000 + ₹147238 (പലിശ) | ₹3185669 | ₹2888481 | ₹297188 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | ₹1570713 | ₹1570713 | ₹1118385 | 0 | ₹452328 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | ₹3009000 | ₹3160000 | ₹6169000 | ₹3398114 | ₹2770886 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (ഹെൽത്ത് ഗ്രാന്റ് 320100202) | 0 | ₹166923 + ₹1862 (പലിശ) | ₹168785 | ₹161692 | ₹7093 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ഹെൽത്ത് ഗ്രാന്റ് 320100204) | 0 | ₹297245 + ₹3221 (പലിശ) | ₹300466 | ₹217156 | ₹83310 | 0 |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) 320100196 | ₹171369 | ₹819070 | ₹990439 | ₹772558 | ₹217881 | 0 |
| നിർമ്മൽ പുരസ്കാരം 320100191 | ₹36988 | 0 | ₹36988 | 0 | ₹36988 | 0 |
| സാക്ഷരത 320100197 | ₹14325 | ₹390 | ₹14715 | 0 | ₹14715 | 0 |
| കേരളോത്സവം 320100199 | ₹8700 | 0 | ₹8700 | 0 | ₹8700 | 0 |
| സ്റ്റേഡിയം 320200303 | ₹650 | 0 | ₹650 | 0 | ₹650 | 0 |
| ലൈഫ്- സംസ്ഥാന വിഹിതം 320200399 | ₹625362 | ₹600000 | ₹1225362 | 0 | ₹1225362 | 0 |
| കില ട്രെയ്നിംഗ് 320300199 | ₹712697 | 0 | ₹712697 | 0 | ₹712697 | 0 |
| RGPSA 320800199 | ₹331 | ₹152 | ₹483 | ₹402 | ₹81 | 0 |
| 320400199 മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചത് (2014 മുതൽ നിലവിലുള്ള തുക) | ₹20290 | 0 | ₹20290 | 0 | ₹20290 | 0 |
| 320900102 Pandemic Control | ₹247000 | 0 | ₹247000 | 0 | ₹247000 | 0 |

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ തുക എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 185 | ₹8,37,91,160 | ₹4,00,21,665 | 119 | 28 | 38 | 64.32% |

പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക | ചെലവിന്റെ % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹12114000 | ₹12114000 | ₹11250154 | ₹863846 | - | 92.87 |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹2085000 | ₹2085000 | ₹2043255 | ₹41745 | - | 98 |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹9657000 | ₹9657000 | ₹7071351 | ₹2585649 | - | 73.23 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹4570000 | ₹4570000 | ₹3993715 | ₹576285 | - | 87.39 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) | ₹931431 | ₹2254238 | ₹3185669 | ₹2888481 | - | ₹297188 | 90.67 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | ₹3009000 | ₹4730713 | ₹7739713 | ₹4516499 | ₹452328 | ₹2770886 | 58.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 19.81 | 1118265+ 496(പലിശ) | 1118780.81 | 1118265 | 515.81 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 19384590 | 19384590 | 19384590 | |
| ആകെ | 19.81 | 20503351 | 20503370.81 | 20502855 | 515.81 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹2634000 | 236 |
| വിധവാപെൻഷൻ | ₹6692200 | 622 |
| വാർദ്ധക്യകാല പെൻഷൻ | ₹15503200 | 1503 |
| വികലാംഗപെൻഷൻ | ₹2218400 | 203 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹257400 | 25 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | ₹270000 | 9 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7685/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ എൽ ജി എം എസ് നിലവിൽ വന്നതിന് ശേഷം ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ തീർപ്പാകുന്നത് വരെ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നുണ്ട്. ഓഫീസ് ഓർഡർ മുഖേന ഓഫീസ് ചുമതലകൾ ജീവനക്കാർക്ക് വിഭജിച്ച് നിൽകിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല
വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2) ഇൻകുംബെൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുംബെൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

5) തനതുഫണ്ട് താരതമ്യേന കുറവുള്ള പഞ്ചായത്തിൽ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നില്ല. ഉദാഹരണത്തിന്, പഞ്ചായത്തിന്റെ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ (അക്കൗണ്ട് നമ്പർ 008281000000002) തനതുഫണ്ട് അക്കൗണ്ടിൽ 31.03.2023 തീയതിയിൽ ₹2978807.00 നീക്കിയിരിപ്പ് ഉണ്ടെങ്കിലും അർഹമായ പലിശ ലഭ്യമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2021 – 28.10.2021 | 01.08.2021 – 30.09.2021 | 22.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 – 22.02.2016 | 2010-11 – 2014-15 | 17.03.2016 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കോതമംഗലം ബ്ലോക്കിൽ ആകെ 13 വാർഡുകളിലായി വ്യാപിച്ചാണ് വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതിഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പഞ്ചായത്തിൽ ഇത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.
- 2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.
- പഞ്ചായത്തിൽ ഇ-പേയ്മെന്റ്സ് സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്നത് എസ്.ബി.ഐ യുടെ കറന്റ് അക്കൗണ്ടാണ് (നം. 36261217158) 31.03.2023 ന് ഈ അക്കൗണ്ടിൽ ₹12,41,239.50 ബാലൻസ് ഉള്ളതായി കാണുന്നു. ഇപ്രകാരം ഇ-പേയ്മെന്റ്സ് വഴി ഈ അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ്. അതുവഴി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- ഓഫീസ് കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, വാടക കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ സ്ഥാപനത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപെടുത്താൻ സാധിക്കും. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ തനത് വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടുകളിൽ ഒന്നായ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ കോതമംഗലം ബ്രാഞ്ചിലുള്ള സേവിംഗ്സ് അക്കൗണ്ടിന്റെ (നിലവിൽ കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നം. 142012804000029) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 01.04.2022 തീയതിയിൽ ₹35,29/-, 922.32, 31.03.2023 തീയതിയിൽ ₹2978807.32 എന്നിങ്ങിനെയാണ്. 26.03.2023-ന് പലിശയിനത്തിൽ ₹44909/- വരവ് വന്നെങ്കിലും പിന്നീട് 31.03.2023-ന് തെറ്റായി വരവ് വന്നെന്ന കാണിച്ച് ഈ തുക അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. മുൻവർഷം ഓഡിറ്റിൽ ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും തൻവർഷവും പലിശയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട തുക ലഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 തീയതിയിലെ സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല എന്നും, തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി സർക്കുലറിനു വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുകയും അതുവഴി പഞ്ചായത്തിനു ലഭിക്കേണ്ടതായ പലിശ ലഭിക്കാതിരിക്കുന്നതുമായ സാഹചര്യമാണുണ്ടായത്. ഈ സേവിംഗ്സ് അക്കൗണ്ടിൽ നിന്നും മുൻവർഷങ്ങളിൽ പലിശയിനത്തിൽ പഞ്ചായത്തിന് തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/25.07.23), പലിശയിനത്തിലുള്ള തുക ലഭ്യമാക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമായില്ലെങ്കിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. പഞ്ചായത്തിന് നാളിത് വരെ പലിശയിനത്തിൽ ലഭിക്കേണ്ട തുകകൾ ലഭ്യമാകാൻ ആവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 യു.പി.ഐ മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

സി.എസ്.ബി അക്കൗണ്ടിന്റെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, യു.പി.ഐ മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകകൾ നാളിതുവരെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. വിശദ വിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്

1-14 ലേലം - വരവ് തുക ഡെപ്പോസിറ്റായി തുടരുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം നടന്ന ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സ്ക്രാപ് ലേലം, പഴയ ഹെൽത്ത് സബ്സെന്റർ കെട്ടിടത്തിന്റെ ലേലം എന്നിവയിൽ യഥാക്രമം ₹25500/-, ₹3700/- (ജി.എസ്.ടി കൂടാതെ) എന്നിങ്ങനെ തുകകൾക്കാണ് ലേലം ഉറപ്പിച്ചത്. നിരതദ്രവ്യമായി നൽകിയ തുകകൾ കിഴിച്ച് ബാക്കിയുള്ള തുകയാണ് ലേലം ഇനത്തിൽ പഞ്ചായത്തിൽ ഒടുക്കിയത്. നിരതദ്രവ്യമായി സ്വീകരിച്ച തുകകൾ ഡെപ്പോസിറ്റ് രജിസ്റ്റർ, AFS എന്നിവ പ്രകാരം ഇപ്പോഴും ഡെപ്പോസിറ്റുകൾ എന്ന ഹെഡുകളിൽ ബാധ്യതയായി (Liability) തുടരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലേലം | നിരതദ്രവ്യം, രസീത് നം, തീയതി | പഞ്ചായത്തിൽ ലേലമിനത്തിൽ അടവാക്കിയ ബാക്കി തുക, രസീത് നം, തീയതി | നിരതദ്രവ്യ ത്തിന്റെ AFS പ്രകാരമുള്ള ഹെഡ് | ഡെപ്പോസിറ്റ് രജിസ്റ്റർ പേജ് നം |
|---|---|---|---|---|
| ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സ്ക്രാപ് ലേലം | 2000, 1220101358, 27.08.22 | 23500, 1220101420, 05.09.22 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, 340100203 | 86 |
| പഴയ ഹെൽത്ത് സബ്സെന്റർ കെട്ടിടത്തിന്റെ ലേലം | 500, 1220101212, 10.08.22 | 3200, 1220101237, 12.08.2022 | ഓക്ഷൻ ഡെപ്പോസിറ്റ്, 340200102 | 82 |

നിരതദ്രവ്യം ആയി ലഭിച്ച തുക പഞ്ചായത്തിന്റെ ലേലം ഇനത്തിലുള്ള വരുമാനമായി കണക്കിലെടുത്താണ് ബാലൻസ് തുക അടവാക്കിയിട്ടുള്ളത്. ഈ തുക ഡെപ്പോസിറ്റുകൾ എന്ന ഹെഡുകളിൽ നിന്നും ലേലം ഇനത്തിലെ വരുമാനമാക്കി മാറ്റാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/21.07.23), മേൽ തുകകൾ 2023-24 സാമ്പത്തിക വർഷം വരവ് ഹെഡിലേക്ക് മാറ്റുന്നതാണെന്ന് മറുപടി ലഭിച്ചു. തുകകളുടെ ഹെഡ് ശരിയായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 കെട്ടിടങ്ങളുടെ എക്സ്റ്റൻഷനായി നൽകുന്ന പെർമിറ്റുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011, ചട്ടം 17(1) പ്രകാരം കെട്ടിട നിർമ്മാണത്തിനായി നൽകുന്ന പെർമിറ്റിന്റെ കാലാവധി 3 വർഷമാണ്. പെർമിറ്റ് കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം രണ്ട് തവണ (ഒരോ തവണ 3 വർഷം എന്ന നിരക്കിൽ) പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതുമാണ്.

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019 ന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടങ്ങളുടെ എക്സ്റ്റൻഷനായി നൽകിയ പെർമിറ്റുകൾ കാലാവധി കഴിഞ്ഞതായി കാണുന്നു. പെർമിറ്റ് കാലാവധി പൂർത്തിയായ കെട്ടിടങ്ങൾ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി കംപ്ലീഷൻ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെയോ നികുതി നിർണ്ണയം നടത്തിയതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ പ്രകാരമുള്ള ഡിമാന്റ് വിവരങ്ങൾ പ്രകാരം ഈ കെട്ടിടങ്ങൾക്ക് വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല. ഇത് വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ ഇടിവുണ്ടാക്കാൻ കാരണമാണ്. പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പെർമിറ്റ് നം, തീയതി, കാലാവധി | അപേക്ഷകന്റെ പേര്, കെട്ടിട നം, | കെട്ടിട ത്തിന്റെ വിസ്തീർണം | സഞ്ചയ പ്രകാരം കെട്ടിട | സഞ്ചയ DCB പ്രകാരം നികുതി |
|---|---|---|---|---|---|

| | പൂർത്തീകരണ തീയതി | ഉപയോഗക്രമം | (ച മി) (പെർമിറ്റ് രജിസ്റ്റർ പ്രകാരം) | ത്തിന്റെ നിലവിലെ വിസ്തീർണ്ണം (ച.മി.) | പുനർനിർണ്ണയം സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| 1 | A6-4041/17, 27.09.17, 26.09.20 | ഷാജി ടി.ആർ, 5/83 A, പാർപ്പിടം | Exi-100.64 Pro - | 100.54 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 2 | A6-4542/17, 04.10.17, 03.10.20 | ലിനീഷ് ജേക്കബ്, 8/105, പാർപ്പിടം | Exi-155.77 Pro - | 148.69 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 3 | A6-4857/17, 17.10.17, 16.10.20 | എം.വി.ജോസഫ്, 8/43, പാർപ്പിടം | Exi - Pro-87.21 | 124 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 4 | A6-4873/17, 09.10.17, 08.10.20 | സി.പി.ജോണി, 12/80, പാർപ്പിടം | Exi - Pro-46.94 | 88.07 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 5 | A1-1020/18, 05.03.18, 04.03.21 | ഗോപാലൻ എം എസ്, 8/226, പാർപ്പിടം | Exi-97.17 Pro-59.35 | 87.76 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |

ഇപ്രകാരം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് നൽകിയതിൽ, നിലവിലുള്ള വിസ്തീർണ്ണം, അധികമായി നിർമ്മിക്കുന്ന വിസ്തീർണ്ണം, കെട്ടിടത്തിന്റെ നമ്പർ എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ പെർമിറ്റ് കാലാവധിക്കു ശേഷവും തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/24.07.23) മറുപടി നൽകിയിട്ടുണ്ട്. മേൽ പട്ടികയിലുള്ള കെട്ടിടങ്ങളിൽ പരിശോധന നടത്തി വസ്തുനികുതി നിർണ്ണയിക്കുന്നതാണെന്ന് മറുപടിയിൽ പറയുന്നു. പെർമിറ്റ് രജിസ്റ്റർ പ്രകാരം പെർമിറ്റ് അനുവദിച്ച മുഴുവൻ നിർമ്മാണ പ്രവൃത്തികളും അനുവദിച്ച സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ എന്നും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ അധിക നിർമ്മാണം പൂർത്തിയാക്കുന്ന പക്ഷം വസ്തുനികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടുണ്ടോ എന്നും പരിശോധന നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

1. കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 5/22-23 | പുന്നേക്കോട്ടയിൽ ഗ്രാനൈറ്റ്സ് | 5 |
| 2 | 8/22-23 | വിപ്കോ ഇൻഡസ്ട്രീസ് | 3 |
| 3 | 9/22-23 | ഹോംലൈൻ ഇൻഡസ്ട്രീസ് | 2 |
| 4 | 14/22-23 | ഇലഞ്ഞിക്കൽ ഇൻഡസ്ട്രീസ് | 4 |
| 5 | 57/22-23 | പ്രിൻസ് പ്ലൈവുഡ് | 50 |
| 6 | 85/22-23 | അടിവാട് പ്ലാസ്റ്റിക്സ് | 6 |

| | | | |
|---|---|---|---|
| 7 | 86/22-23 | ഏജ് ലെസ് റെഡിമെയ്ഡ് ഗാർമെന്റ്സ് | 6 |
| 8 | 89/22-23 | കെ.കെ.എസ് പ്ലൈവുഡ്സ് | 25 |
| 10 | 90/22-23 | കെ.കെ.എസ് സോമിൽ | 6 |
| 11 | 95/22-23 | റോയൽ കാറ്റേഴ്സ് ആന്റ് ഇവന്റ്സ് | 5 |

2. താഴെ ചേർത്ത സ്ഥാപനത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് | 1,2 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18, 22.07.23) മേൽ പരാമർശിച്ചവരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അവർക്ക് ബാധകമാകുന്ന നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം.00000038440179201) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹4,13,592/- നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. നിലവിലും ഈ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക യഥാസമയം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ട തുക യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ മാത്രമെ നടത്താവൂ എന്നിരിക്കെ അതിന് വിരുദ്ധമായി മറ്റ് ഇടപാടുകളും നടത്തിയിട്ടുള്ളതായി കാണുന്നു.ഈ തുകകൾ ആർക്ക്, എന്താവശ്യത്തിനാണ് നൽകിയത് എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | ഇനം | പിൻവലിച്ച തുക |
|---|---|---|
| 03/09/22 | ചെക്ക് ട്രാൻസ്ഫർ | ₹17,991 |
| 17/11/22 | ചെക്ക് ട്രാൻസ്ഫർ | ₹ 9965 |
| 18/11/22 | ചെക്ക് ട്രാൻസ്ഫർ | ₹10,671 |
| 25/11/22 | ചെക്ക് ട്രാൻസ്ഫർ | ₹471225 |
| 14/12/22 | ക്ലിയറിംഗ് | ₹281454 |

ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറാത്തതിനും സർക്കാർ നിർദ്ദേശപ്രകാരം ഇ ടെണ്ടറിനായി തുടങ്ങിയ അക്കൗണ്ടിൽ നിന്നും വിവിധ അക്കൗണ്ടുകളിലേക്ക് പണം കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-15. തീയതി. 22/07/2023) നൽകി. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 24/07/2023 ൽ ₹97,535/- പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസായി ലഭിക്കുന്ന തുക കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിയമാനുസൃത കുറവുകളായ ജി.എസ്.ടി, ആദായനികുതി, വർക്കേഴ്സ് വെൽഫയർ ഫണ്ട് വിഹിതം എന്നിവ ഈ അക്കൗണ്ടിലേക്ക് വരവായി ലഭിക്കുന്നതായും ഇത് മൂലമാണ് അക്കൗണ്ടിലെ നീക്കിയിരുപ്പ് ഉയർന്ന തുക കാണിച്ചതെന്നും ഇവയാണ് അക്കൗണ്ടിൽ നിന്നുള്ള ട്രാൻസ്ഫറുകൾ വഴി ചെലവഴിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക, പലിശ വരുമാനം ഉറപ്പാക്കുംവിധം ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല-സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള കരാറുകളിൽ പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും ഇതനുസരിച്ച് സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിൽ 2022-23 ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത വിവിധ മെറ്റീരിയൽസ് സപ്ലൈ കരാറുകൾ പരിശോധിച്ചതിൽ വിവിധ പ്രവർത്തികളിലായി മുദ്രപ്പത്രവിലയിൽ കുറവ് കണ്ടെത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, കരാറുകാരൻ | കരാർ തുക (പി.എ.സി) | എഗ്രിമെന്റ് വെച്ച മുദ്രപ്പത്രത്തിന്റെ മൂല്യം | എഗ്രിമെന്റ് വെക്കേണ്ട മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | "അമ്പലപ്പടി അമ്പാട്ട് റോഡ് കോൺക്രീറ്റിംഗ് -വാർഡ് 8/ ശ്രീ.വിനോദ് ഭാസ്കർ | ₹314111 | ₹200 | ₹350 | ₹150 |
| 2 | വട്ടപ്പാറ – ആനച്ചിറപ്പാടം റോഡ് കോൺക്രീറ്റിംഗ് -ശ്രീ.വിനോദ് ഭാസ്കർ | ₹332534 | ₹200 | ₹350 | ₹150 |
| 3 | "സെവൻസ് റോഡ് കോൺക്രീറ്റിംഗ് - ശ്രീ.വിനോദ് ഭാസ്കർ | ₹227912 | ₹200 | ₹250 | ₹50 |
| 4 | "വി.കെ റോഡ്-പരിപ്പ് തോട് റോഡ് -ശ്രീ.വിനോദ് ഭാസ്കർ | ₹404592 | ₹200 | ₹450 | ₹250 |
| 5 | "പാറേക്കുടിപ്പടി ഹൈസ്കൂൾ കവല- റോഡ് നിർമ്മാണം- ശ്രീ.വിനോദ് ഭാസ്കർ | ₹404592 | ₹200 | ₹450 | ₹250 |
| 6 | "പിട്ടാപ്പള്ളിപ്പടി-ഉമ്പേപ്പടി റോഡ് കോൺക്രീറ്റിംഗ്- ശ്രീ.വിനോദ് ഭാസ്കർ | ₹404592 | ₹200 | ₹450 | ₹250 |
| 7 | "തഅലിമുദ്ദീൻ -മദ്രസ്സ കുന്നേൽ റോഡ് കോൺക്രീറ്റിംഗ്- ശ്രീ.വിനോദ് ഭാസ്കർ | ₹334038 | ₹200 | ₹350 | ₹150 |
| 8 | "ലൈഫ് മിഷൻ -ഏറാമ്പ്ര റോഡ് നിർമ്മാണം- ശ്രീ.വിനോദ് ഭാസ്കർ | ₹404418 | ₹200 | ₹450 | ₹250 |
| 9 | "പുന്നേക്കുളംപടി- ഹരിജൻകോളനി റോഡ് നിർമ്മാണം- ശ്രീ.വിനോദ് ഭാസ്കർ | ₹401361 | ₹200 | ₹450 | ₹250 |
| 10 | "വാരപ്പെട്ടി-പൊന്നാട്ടുപടി ഫാം റോഡ് കോൺക്രീറ്റിംഗ്- ശ്രീ.വിനോദ് ഭാസ്കർ | ₹404483 | ₹200 | ₹450 | ₹250 |
| 11 | "ഏറാമ്പ്ര-കൊച്ചപുരയ്ക്കൽപ്പടി ലൈഫ് റോഡ് നിർമ്മാണം- ശ്രീ.വിനോദ് ഭാസ്കർ | ₹325391 | ₹200 | ₹350 | ₹150 |
| 12 | "അറയ്ക്കൽപ്പടി-മുടനാട്ട്കാവ് ചരമ റോഡ് നിർമ്മാണം- | ₹395763 | ₹200 | ₹400 | ₹200 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ.വിനോദ് ഭാസ്കർ | | | | |
| 13 | "താഴത്തേപ്പടി -ആര്യപ്പിള്ളി വലിയകുളം റോഡ് നിർമ്മാണം- ശ്രീ.വിനോദ് ഭാസ്കർ | ₹404208 | ₹200 | ₹450 | ₹250 |
| 14 | "പൊത്തതാക്കാവുംപടി -കുതിരിഞ്ഞാലിപ്പടി റോഡ് കോൺക്രീറ്റിംഗ്- ശ്രീ.വിനോദ് ഭാസ്കർ | ₹402707 | ₹200 | ₹450 | ₹250 |

സ്റ്റാമ്പ് ആക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ തുകക്കുള്ള മുദ്രപ്പത്രത്തിൽ കരാർ തയ്യാറാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17, തീയതി. 22/07/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക തീർപ്പാക്കൽ - പഞ്ചായത്ത് നടപടി പ്രശംസനീയം

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക സാമ്പത്തിക വർഷാരംഭത്തിൽ ഫൈൻ ഉൾപ്പെടെ ₹1,58,17,515/- ആയിരുന്നു (ബിൽ നം. 62034 / 6.4.2022). എന്നാൽ പഞ്ചായത്ത് പ്രതിമാസം അടവാക്കി വരുന്ന തുകകളും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഗ്രാന്റ് തുകകളിൽ നിന്നും ജലഅതോറിറ്റിയുടെ ഡിമാന്റ് പ്രകാരം വിവിധ തവണകളായി ഉറവിടത്തിൽ കുറവ് ചെയ്ത് സർക്കാർ, നേരിട്ട് ജലഅതോറിറ്റിക്ക് അടവാക്കിയ തുകകളും കണക്കിൽ വരവ് വരുത്താതെയാണ് ഇത്ര ഭീമമായ തുക കുടിശ്ശിക ആയി ഡിമാന്റ് ചെയ്യപ്പെടുന്നത് എന്ന് മനസിലാക്കി പഞ്ചായത്ത് കുടിശ്ശിക തുക അംഗീകരിച്ചില്ല. യഥാർത്ഥ കണക്കുകൾ ബോദ്ധ്യപ്പെട്ടുമാത്രം വെള്ളക്കരം കുടിശ്ശിക അടവാക്കിയാൽ മതി എന്നും ആയതിലേക്ക് കെ.ഡബ്ലിയു. എ. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരുന്നതിനും ഐകകണ്ഠ്യേന തീരുമാനം കൈക്കൊണ്ടു (12.08.2022 ലെ 6/1 , 6/3).

ഇതേ തുടർന്ന് 02.09.2022 ൽ മൂവാറ്റുപുഴ പി. എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, റവന്യൂ ഓഫീസർ എന്നിവരെ പങ്കെടുപ്പിച്ച് സംയുക്തയോഗം ചേർന്ന് പഞ്ചായത്തും അതോറിറ്റിയും സൂക്ഷിച്ചിട്ടുള്ള കണക്കുകൾ വിശദമായി പരിശോധിക്കുകയും പഞ്ചായത്തിന്റെ ഗ്രാന്റുകളിൽ നിന്നും ഉറവിടത്തിൽ കുറവു ചെയ്ത തുകകൾ കണക്കാക്കാതെയും ഉയർന്ന പലിശ ഉൾപ്പെടുത്തിയും ആണ് അതോറിറ്റി ഡിമാന്റ് നൽകുന്നത് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത കണക്കുകൾ കൂടി വരവിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിച്ച് നൽകുന്നതിന് അതോറിറ്റി സമ്മതിച്ച് സംയുക്ത യോഗം തീരുമാനിക്കുകയും ചെയ്തു.

മേൽ തീരുമാന പ്രകാരം 24.09.2022, 14.12.2022 തീയതികളിൽ (ഫയൽ നം. HC-3437/2021) വിശദമായ കണക്കുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ജലഅതോറിറ്റിക്ക് കൈമാറുകയും വ്യക്തത വരുത്തുകയും ചെയ്തിട്ടും 2023 ഫെബ്രുവരി മാസത്തിലും കുടിശികയിൽ മാറ്റം വരുത്താതെ ഡിമാന്റ് ലഭിച്ച സാഹചര്യത്തിൽ ജലഅതോറിറ്റി മാനേജിങ്ങ് ഡയറക്ടറെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നേരിട്ട് സമീപിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 29.03.2023 ലെ കെ.ഡബ്ലിയു.എ./എച്ച്.ഒ. /ആർ.എം.സി./ആർ.4/ 93/2023 -ാം നമ്പർ കത്ത് പ്രകാരം അതുവരെയുള്ള കുടിശ്ശിക തുകയായ ₹1,98,37,327/- ൽ ₹1,72,22,545/- തുക കുറവ് ചെയ്ത് ബാക്കി ₹26,14,782/- കുടിശ്ശിക നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തു.

ഇപ്രകാരം പുനർനിർണ്ണയിച്ചിട്ടുള്ള ₹26,14,782/- കുടിശ്ശിക തുകയിലും കൃത്യത ഇല്ലാത്തതിനാൽ തെളിവ് രേഖകൾ സഹിതം 18.05.2023 ൽ ജലഅതോറിറ്റി മാനേജിങ്ങ് ഡയറക്ടർക്ക് ആക്ഷേപം ഗ്രാമപഞ്ചായത്ത് ബോധിപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യത അല്ലാത്ത ഭീമമായ തുക കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട രേഖകൾ സഹിതം കൃത്യമായ ദിശയിൽ നടപടികൾ സ്വീകരിക്കുന്നതിനും കൃത്യമായ തുടർനടപടികളിലൂടെ ഡിമാന്റ് ചെയ്യപ്പെട്ട തെറ്റായ ബാദ്ധ്യതയിൽ നിന്നും 1.72 കോടി രൂപ ഒഴിവാക്കുന്നതിനും വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള പ്രവർത്തനം മാതൃകാപരവും ശ്ലാഘനീയവുമാണ്.

## 1-20 സ്ട്രീറ്റ് ടാപ്പുകൾ - പണം അടച്ചവ പൂർണ്ണമായും വിച്ഛേദിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്.83/23 |
| പ്രോജക്റ്റിന്റെ പേര് | ഉപയോഗമില്ലാത്ത പൊതുടാപ്പുകൾ കട്ടിങ്ങ് |

| | | |
|---|---|---|
| അടങ്കൽ | ₹100000/- (പൊതുവിഭാഗം)<br>₹100000/- (തനത് ഫണ്ട്)<br>₹200000/- | |
| ചെലവ് വിവരം | ₹100000/- (പൊതുവിഭാഗം)<br>₹100000/- (തനത് ഫണ്ട്)<br>₹200000/- | UTR RBI3432285748999<br>UTR RBI3552299237182 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

ഉപയോഗമില്ലാത്ത 119 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം വാട്ടർ അതോറിറ്റി 2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ( A.1/2018/48/15.7.2022) നൽകിയതിനെ തുടർന്ന് 2 ലക്ഷം രൂപ KWA, PH Division, Muvattupuzha യ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ജലഅതോറിറ്റിക്ക് നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ് പ്രകാരം പണം ഡെപ്പോസിറ്റ് ചെയ്തപ്പോൾ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഉപയോഗമില്ലാതെ വിച്ഛേദിക്കുന്ന ടാപ്പുകൾ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.7.2023) വിച്ഛേദിച്ച ടാപ്പുകൾ കുറവു ചെയ്ത് ഡിമാന്റ് ലഭിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം 2023 മെയ് മാസം മുതൽ 44 ടാപ്പുകളുടെ വെള്ളക്കരം അടച്ചുവരുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ 139 ടാപ്പുകളാണ് ഉണ്ടായിരുന്നത്. ഇതിൽ ഉപയോഗിക്കുന്ന 20 എണ്ണം ഒഴിവാക്കി 119 ടാപ്പുകൾ വിച്ഛേദിക്കുന്നതിനാണ് പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതും പണം അടവാക്കിയിട്ടുള്ളതും. എന്നാൽ 95 ടാപ്പുകൾ മാത്രമാണ് ജലഅതോറിറ്റി വിച്ഛേദിച്ചിട്ടുള്ളത്. 24 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് പണം കൈപ്പറ്റിയിട്ടും ആയത് വിച്ഛേദിച്ചിട്ടുമില്ല ടാപ്പൊന്നിന് പ്രതിവർഷം ₹14559/- നിരക്കിൽ കരം ഈടാക്കുകയും ചെയ്യുന്നു. ഉപയോഗമില്ലാത്ത 24 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഉപയോഗമില്ലാത്ത 24 ടാപ്പുകൾ വിച്ഛേദിച്ച് വെള്ളക്കരം ഡിമാന്റിൽ കുറവ് വരുത്തുന്നതിനും വിധേയമായി 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമല്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | എസ്.138/23 | |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം നൽകൽ | |
| അടങ്കൽ | ₹100000/- (പൊതുവിഭാഗം) | |
| ചെലവ് വിവരം | ₹100000/- (പൊതുവിഭാഗം) | TRN 2212080....12877/ 8.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | |

എസ്.എസ്.എ. എറണാകുളം ജില്ലാ പ്രോജക്ട് കോഓർഡിനേറ്ററുടെ 13.7.2022 ലെ A.3/207 /22/EKM/SSK നമ്പർ കത്ത് മുഖാന്തിരം 22-23 വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള പ്രതീക്ഷിത ധനവിനിയോഗക്രമം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള തുകയാണിത്. ഈ തുക പ്രസ്തുത പ്രവർത്തനങ്ങൾക്കായി വിനിയിയോഗിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ആയത് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/21.7.23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 1 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 തരിശ് കിഴങ്ങ് കൃഷി-മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി | ഞങ്ങളും കൃഷിയിലേക്ക് തരിശ് കിഴങ്ങ് കൃഷി 97/23 |
| അടങ്കൽ തുക | ₹90,000/- (വികസനഫണ്ട്-സാധാരണ വിഹിതം) |

| | |
|---|---|
| ചെലവ് തുക | ₹90,000/- |
| ബിൽ നമ്പർ/തീയതി | 114/06.12.2022 |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

തരിശ് ഭൂമി കൃഷിയോഗ്യമാക്കി കിഴങ്ങ് കൃഷി നടത്തിയതിന് ഈ പ്രോജക്റ്റിൽ ₹90000/- രൂപ 31 ഗുണഭോക്താക്കൾക്ക് ആയി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു. (അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 21.07.2023 ൽ 8ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.)

1. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ. (എം എസ്)115/2022 തസ്വഭവ തീയതി 28.05.2022 ഖണ്ഡിക നമ്പർ 6.1 ന്റെ ക്രമ നമ്പർ 8 പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി ടി സ്ഥലത്ത് കൃഷി ചെയ്തിട്ടില്ലെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഫയലിൽ ഈ സാക്ഷ്യപത്രം ലഭ്യമല്ല. കഴിഞ്ഞ മൂന്ന് വർഷമായി കൃഷി ചെയ്യാത്ത തരിശ് പ്രദേശത്താണ് കൃഷി ചെയ്തിട്ടുള്ളതെന്നും സ്ഥലം നേരിട്ട് പരിശോധിച്ചിരുന്നെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചത്.

2. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തണം. ഈ പദ്ധതിയിൽ തൊഴിലുറപ്പ് പ്രവൃത്തികൾ പ്രയോജനപ്പെടുത്തിയിട്ടില്ല. MGNREGS വിഭാഗവുമായി ബന്ധപ്പെട്ടിരുന്നെങ്കിലും കൃഷി ചെയ്യുന്ന സമയത്ത് തൊഴിലാളികളെ ലഭ്യമാക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും വരും വർഷങ്ങളിൽ തൊഴിലുറപ്പിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

3. കർഷകന് ഹെക്ടറിന് ₹27000/- രൂപ, സ്ഥലം ഉടമയ്ക്ക് ₹3000/- രൂപ എന്നിങ്ങനെയാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ സ്ഥലമുടമയ്ക്ക് ആനുപാതികമായി തുക നൽകാതെ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് മുഴുവൻ ആനുകൂല്യവും അനുവദിച്ച് നൽകി.

| ഗുണഭോക്താവിന്റെ (കർഷകന്റെ) പേര് | സ്ഥലം ഉടമയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| സി എം മുഹമ്മദ്, ചിറങ്ങരയിൽ | 1.മുഹമ്മദ് തെക്കേ പുത്തൻപുരയിൽ<br>2. ശിംശോൻ, പെരുമ്പംകുടിയിൽ | ₹4800/- |
| അജിത സുരേന്ദ്രൻ | സ്കറിയ സി പി | ₹3000/- |

മേൽ സ്ഥലമുടമകൾക്ക് ബാങ്ക് അക്കൗണ്ട് നിലവിൽ ഇല്ലാത്തതിനാലാണ് ആനുപാതികമായി ആനുകൂല്യം നൽകാതിരുന്നതെന്നുമാണ് മറുപടിയിൽ അറിയിച്ചത്.

4. കൃഷി ചെയ്ത സ്ഥലത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. കൃഷി അസിസ്റ്റന്റിന്റെ ശിപാർശയോ, കൃഷി ഓഫീസറുടെ തീരുമാനമോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കൃഷി ചെയ്ത സ്ഥലത്തിന് ആനുപാതികമായാണോ ആനുകൂല്യം അനുവദിച്ചതെന്ന് വ്യക്തമല്ല. കൃഷി ചെയ്ത സ്ഥലത്തിന്റെ ഏരിയ അസിസ്റ്റന്റ് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടിയിൽ അറിയിച്ചത്. എന്നാൽ ടി വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖകൾ പാലിച്ച് മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ 2022-23 ലെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2023-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡ്ഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100128 | ₹516/- |
| 2 | 320100191 | ₹36988/- |
| 3 | 320100196 | ₹217881/- |
| 4 | 320100197 | ₹14715/- |
| 5 | 320100199 | ₹8700/- |
| 6 | 320100202 | ₹83310/- |

| | | |
|---|---|---|
| 7 | 320100204 | ₹7093/- |
| 8 | 320100999 | ₹51374/- |
| 9 | 320200104 | ₹297188/- |
| 10 | 320200113 | ₹2770886/- |
| 11 | 320200303 | ₹650/- |
| 12 | 320200399 | ₹1225362/- |
| 13 | 320300199 | ₹712697/- |
| 14 | 320400199 | ₹20290/- |
| 15 | 320700104 | ₹46963/- |
| 16 | 320800101 | ₹185792/- |
| 17 | 320800199 | ₹81/- |
| 18 | 320900102 | ₹247000/- |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ പല ഹെഡിലേയും തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 31.07.2023 ൽ 14ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമായില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വകയിരുത്തുന്ന തുക അപര്യാപ്തം

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | 389/23, ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാലിന് സബ്സിഡി |
| അടങ്കൽ | ₹875,000/- (വികസന ഫണ്ട് – ജനറൽ ₹2,00,000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹4,00,000/-, ജില്ലാ പഞ്ചായത്ത് വിഹിതം ₹275,000/-) |
| ചെലവ് | ₹875,000/- (വികസന ഫണ്ട് – ജനറൽ ₹2,00,000/-) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹4,00,000/-, ജില്ലാ പഞ്ചായത്ത് വിഹിതം ₹275,000/-) |
| ബിൽ നം, തീയതി, തുക | 205/14.02.2023 ₹ 2,00,000/-<br>208/14.02.2023 ₹ 4,00,000/-<br>209/14.02.2023 ₹ 2,75,000/- |
| നിർവഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |

6 ക്ഷീര സംഘങ്ങളിലായി പാൽ വിൽക്കുന്ന കർഷകരാണ് പഞ്ചായത്തിലുള്ളത്. തൻവർഷം 233 കർഷകർക്കാണ് ₹875000.00 വകയിരുത്തി ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഒരു ലിറ്ററിന് ₹3 നിരക്കിൽ ആനുകൂല്യം അനുവദിക്കാവുന്നതാണെങ്കിലും ₹2.56 നിരക്കിൽ മാത്രമാണ് സബ്സിഡി അനുവദിച്ചത്. 2022 ഒക്ടോബർ മാസം വരെ ആകെ 6 മാസങ്ങളിൽ മാത്രം ആനുകൂല്യം നൽകുവാനേ സാധിച്ചിട്ടുള്ളൂ. 6 മാസം സബ്സിഡി നൽകുവാൻ കഴിഞ്ഞിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ സ ഉ(കൈ) നം. 84/22/ത സ്വ ഭ വ തീയതി 19.04.2022 ഉത്തരവിൽ വാർഷിക പദ്ധതികളുടെ പൊതു മുൻഗണനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക നമ്പർ 2.3.1 ൽ വിവരിച്ചിട്ടുള്ള പ്രകാരം പാൽ ഉത്പാദനത്തിൽ മിച്ചോൽപ്പാദനം കൈവരിക്കാൻ കഴിയണം. ആയതിനാൽ തന്നെ ഈയിനത്തിൽ അർഹമായ മുഴുവൻ സബ്സിഡിയും അനുവദിക്കുന്നതിന് പര്യാപ്തമായ തുക വകയിരുത്തേണ്ടത് അനിവാര്യമാണ്. കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന വിഷയത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ , 14/22-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, കോതമംഗലം |
| അടങ്കൽ തുക | ₹200000/-, മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവഴിച്ച തുക, ബിൽ നം, തീയതി | ₹200000/-<br>145/23, തീ. 23.12.22 |

മേൽ പദ്ധതി പ്രകാരം ₹200000/- ഹോംകോ- ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ മരുന്ന് ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/ 21.07.23) മറുപടി ലഭിച്ചു. മരുന്ന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഹോംകോക്ക് തപാൽ മുഖേനയും, ഇ-മെയിൽ മുഖേനയും കത്ത് നൽകിയതായും പിന്നീട് ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ മരുന്നുകൾ 25 ദിവസത്തിനുള്ളിൽ അയക്കുമെന്ന് ഹോംകോയിൽ നിന്ന് അറിയിച്ചതായും മറുപടിയിൽ പറയുന്നു. മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹200,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ടിന്റെ പേര് | S158/23, കോക്ലിയർ ഇംപ്ലാന്റേഷൻ-കുട്ടികൾ |
| അടങ്കൽ, ഫണ്ട് | ₹50000/- (വികസന ഫണ്ട് സാധാരണ വിഹിതം) |

| | |
|---|---|
| ചെലവ് | ₹50000/- |
| ബിൽ നമ്പർ/തീയതി, തുക | 109/01.12.2022 |

കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് ഒരു കുട്ടിയ്ക്ക് ₹50,000.00 നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് കൈമാറുന്നതാണ് പദ്ധതി. ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ഈ പദ്ധതിയിൽ 01.12.2022 ൽ ₹50,000.00 കേരളാ സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് കൈമാറിയെങ്കിലും നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 25.07.2023 തീയതിയിൽ 25ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 കെ.എസ്.ഇ.ബി. - നിക്ഷേപ പ്രവൃത്തി - പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം. | എസ്.19/23 | |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് - ലൈൻ എക്സ്റ്റൻഷൻ. | |
| അടങ്കൽ | ₹ 635800 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)<br>₹ 159285 (തനത് ഫണ്ട്)<br>₹ 795085/- | |
| ചെലവ് വിവരം | ₹ 635800 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)<br>₹ 159285 (തനത് ഫണ്ട്)<br>₹ 795085/- | 17.1.23 EGramswaraj<br>RBI 0482399301846/<br>16.2.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് - ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി 2.12.2022 ലെ DB 21-22/48 നമ്പർ എസ്റ്റിമേറ്റ് (വർക്ക് തുക ₹ 673800/- + ജി.എസ്.ടി. ₹121285/-) ₹795085/- കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ₹795085/- ചെലവ് തടസ്സപ്പെടുത്തുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി പണം മുൻകൂർ നൽകുമ്പോൾ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-28 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല.

വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ഉൾപ്പടെയുള്ളവ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃത ജി.എസ്.ടി കുറവ് ചെയ്യാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്. 2017 ലെ C.G.S.T Act, സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% G.S.T സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നതെങ്കിലും സോഫ്റ്റ് വെയറിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സാധനസാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് പഞ്ചായത്തിൽ ഒടുക്കുന്നത് ഉറപ്പുവരുത്തി മാത്രം കരാർ തുക അനുവദിക്കുന്നതിന് ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30/07/2019 ലെ നം.957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇത് മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.ടി നഷ്ടം ഉണ്ടാകുന്ന സ്ഥിതിയുണ്ട്. ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-2 തിയതി 20/07/2023) നൽകിയതിന് നൽകിയ മറുപടിയിൽ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിലും ബില്ലിംഗിനും ജി.എസ്.ടി വിഹിതം ഉൾപ്പെടാതെ വരുന്നതിനാലാണ് തുക ഈടാക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടർ

നിർദ്ദേശിച്ചത് പ്രകാരം ജി.എസ്.ടി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ്ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹42068/- | ₹795085/- | - | ₹837153/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 21-22 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ് 0175/22) | 22100622/ 31.3.2022 | ₹42068/- | - | ₹42068/- |
| 22-23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് - ലൈൻ എക്സ്റ്റൻഷൻ.(എസ് 0019/23) | 17.1.23 EGramswaraj RBI 0482399301846/ 16.2.23 | ₹635800/- ₹159285/- | - | ₹795085/- |
| | | ആകെ | ₹795085/- | | |
| ഒട്ടാകെ | | | ₹837153/- | - | ₹837153/- |

എ) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹187188/- | ₹200000/- | ₹124000/- | ₹263188/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം .

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ** | | | ₹276/- | - | ₹276/- |
| 15-16 | ഇളങ്ങവനം ലക്ഷം വീട് കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | - | ₹12912/- | - | ₹12912/- |
| 17-18 | ലൈബ്രറിപടി ലക്ഷം വീട് കുടിവെള്ള പദ്ധതി- പൈപ്പ് | U000000383859040/ 27.3.2018 | ₹15000/- | - | ₹15000/- |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | | |
| 21-22 | മൈലൂർ സ്റ്റേഡിയം കുടിവെള്ള കണക്ഷൻ (എസ്.0123/22) | 22100584/27.2.22<br>22100267/14.12.22 | ₹25000<br>₹10000 | - | ₹35000/- |
| | | ആകെ | ₹35000/- | | |
| 22-23 | ഉപയോഗമില്ലാത്ത പൊതുടാപ്പുകൾ കട്ടിങ്ങ് (എസ്.0083/23) | UTR RBI3432285748999<br>UTR RBI3552299237182 | ₹100000<br>₹100000 | - | ₹200000/- |
| | | ആകെ | ₹200000/- | | |
| ഒട്ടാകെ | | | ₹263188/- | - | ₹263188/- |

** 2018-19 ലെ വാരപ്പെട്ടി കാക്കൂർ റോഡിൽ പൈപ്പ് ലൈൻ പ്രവൃത്തിക്ക് നൽകിയ ₹194682/- നിക്ഷേപത്തിൽ ₹188667/- വിനിയോഗസാക്ഷ്യപത്രം നൽകി ബാക്കി ₹6015/- പഞ്ചായത്തിന് തിരികെ നൽകിയിട്ടുള്ളതാണെന്നും എന്നാൽ നോട്ടപിശക് മൂലം ചെലവഴിച്ച തുകയിൽ ₹276/- കുറവായാണ് ചെലവ് തുക രേഖപ്പെടുത്തിയതെന്നും ആയതിനാലാണ് ₹276/- വ്യത്യാസം ഉണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. ആയത് ക്രമപ്പെടുത്തേണ്ടതാണ്.

## 1-30 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കുവാൻ നടപടി സ്വീകരിക്കണം

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 1999-2000 മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 മഴക്കാലപൂർവ്വ ശുചീകരണം മുൻകൂർ - തുക തിരികെ ലഭിച്ചിട്ടില്ല.

| | |
|---|---|
| വൌച്ചർ നം. | 22200122 / 16.5.2023 |
| തുക | ₹130,000.00 |

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് ₹10000/- നിരക്കിൽ 13 വാർഡുകളിലേക്കായി തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ സി.എച്ച്.സി.ക്ക് നൽകിയ തുകയാണിത്. 8.4.2022 ലെ 1/5 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മെഡിക്കൽ ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് ശുചിത്വ മിഷനിൽ നിന്നും ഈ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടോ എന്നതും പഞ്ചായത്ത് കമ്മിറ്റി തീരുമാനം അനുസരിച്ച് 1.3 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 20/22.07.2023) ധനവിനിയോഗ സാക്ഷ്യപത്രവും ചെലവ് രേഖകളും ലഭ്യമാക്കി. തുക ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ഓഡിറ്റ് ഇംപാക്ട് - ₹91,450 പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കി.

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽസ് സപ്ലൈ കരാറുകാർക്ക് ബിൽ തുക നൽകുമ്പോൾ നിയമാനുസൃത ജി. എസ്. ടി കുറവ് ചെയ്യാത്ത വിവരം ഓഡിറ്റ് എൻക്വയറി നൽകി ഗ്രാമപഞ്ചായത്തിന്റെ നഷ്ടം ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ₹91,450/- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. ഇടാക്കിയ തുക ജി. എസ്. ടി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

| ഓഡിറ്റ് | നഷ്ടത്തുക | അടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| എൻക്വയറി നമ്പർ | | | |
| 02/20.07.2023 | ₹ 63754/- | ₹63754/- | 1230100763/ G071106 / 27.07.2023 |
| 02/20.07.2023 | ₹27,696/- | ₹27,696/- | 1230100764/ G071106 / 27.07.2023 |
| ആകെ | ₹91,450/- | ₹91,450/- | |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 യു.പി.ഐ മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകകൾ അക്കൗണ്ടിൽ വരവു വന്നിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ സി.എസ്.ബി തനത് ഫണ്ട് അക്കൗണ്ടിൽ (നം. 0238-04072899-190001) യു.പി.ഐ (യുണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ്) പേയ്മെന്റ് സൗകര്യം ഉപയോഗിച്ച് ഫ്രണ്ട് ഓഫീസ് വഴി പണം സ്വീകരിക്കുന്നുണ്ട്. സി.എസ്.ബി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഇപ്രകാരം യു.പി.ഐ മുഖേന ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകകൾ നാളിതുവരെ അക്കൗണ്ടിൽ വരവു വന്നിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| രസീത് നം/ തീയതി | തുക |
|---|---|
| 1220102106 / 27-10-2022 | ₹4428/- |
| 1220103786 / 21-02-2023 | ₹716/- |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26, 25.07.23), യു.പി.ഐ മുഖേന നടത്തുന്ന ഇടപാടുകളിൽ ട്രാൻസാക്ഷൻ ഐ.ഡി ലഭിച്ച ശേഷം മാത്രമാണ് രസീത് നൽകുന്നത് എന്നാൽ സാങ്കേതിക പിഴവുമൂലമാണ് തുക അക്കൗണ്ടിൽ വരാത്തതെന്ന് മറുപടി നൽകി. പ്രസ്തുത വിവരം വ്യക്തികളെ അറിയിച്ചിട്ടുള്ളതായും, തുക തിരികെ ഈടാക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. ₹5144/- ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹306000 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്കുള്ള | ₹306000 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് സംയുക്തം (S198/23) | | |
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹795000 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട്-എസ് സി (S71/23) | ₹795000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹240000 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട്-ജനറൽ (S73/23) | ₹240000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹72000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(S18/23) | 72000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹275000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (S89/23) | ₹275000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | ₹12500 | പോത്തുകുട്ടി വിതരണം (S121/23) | ₹12500 | 0 |
| ആകെ | ₹1700500 | | ₹1700500 | |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | ₹580000 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട്-എസ് സി (S71/23) | ₹580000 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | ₹920000 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട്-ജനറൽ (S73/23) | ₹920000 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | ₹217470 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(S18/23) | ₹217470 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | ₹400000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (S89/23) | ₹400000 | 0 |
| ആകെ | ₹2117470 | | ₹2117470 | |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | UTR നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉപയോഗമില്ലാത്ത പൊതുടാപ്പുകൾ കട്ടിംഗ് | RBI3432285748999/ 08.12.2022 RBI355229 | ₹100000.00 ₹100000.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |

| | | | | | |
|---|---|---|---|---|---|
| | (S83/23) | 9237182/ 20.12.2022 | | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S19/23) | EGramswaraj RBI0482399 301846/ 17.01.2023 RBI0482399 301846/ 16.02.2023 | ₹635800.00 ₹159285.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |

കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം ₹2,00,000.00 നൽകിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ RP-49 ഷെഡ്യൂളിൽ ₹1,00,000.00 മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിലേതുൾപ്പെടെ കേരളാ വാട്ടർ അതോറിട്ടിക്ക് നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയ തുകയിൽ 460500201 ശീർഷകത്തിൽ ₹263188/-, കെ എസ് ഇ ബി-ക്ക് നൽകിയ തുകയിൽ 460500202 ശീർഷകത്തിൽ ₹837153/- എന്നിങ്ങനെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.
ക്രമീകരിക്കാതെ തുടരുന്ന നിക്ഷേപ പ്രവത്തികളെ കുറിച്ചുള്ള വിശദവിവരം ഖണ്ഡിക 1-29 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | സ.ഉ.(എം.എസ്.) 111/2018 /ത.സ്വ.ഭ.വ. /18.5.2018 | - | ₹1,46,75,500 | ₹22,03,135 | | ₹1,24,72,365 |

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക |
| നമ്പർ | പേര് | |
| എസ്.0076/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | ₹2,41,805 |
| എസ്.0077/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | ₹2,41,806 |
| എസ്.0191/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,59,762 |
| എസ്.0208/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,59,762 |
| ആകെ | | ₹22,03,135 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹ 14820/- വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം (190100102) എന്ന ഹെഡ്ഡിലെ വരവിനൊപ്പം ആണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2018-19 | 1-16 | ₹750.00 | സി ജി ഗോപാലകൃഷ്ണൻ | 1220101296/20.08.2022 |
| 2 | 2020-21 | 1-18 | ₹1350.00 | പ്രൊപ്രൈറ്റർ, ക്വാളിറ്റി സിമന്റ് ബ്രിക്സ് | 1220101465/13.09.2022 |
| 3 | 2019-20 | 1-17 | ₹2760.00 | പ്രൊപ്രൈറ്റർ, ഐസിംഗ്സ് ബേക്കറി | 1220101713/28.09.2022 |
| 4 | 2020-21 | 1-18 | ₹960.00 | പ്രൊപ്രൈറ്റർ, ഐസിംഗ്സ് ബേക്കറി | 1220101714/28.09.2022 |
| 5 | 2019-20 | 1-17 | ₹4500.00 | പ്രൊപ്രൈറ്റർ, കെ കെ എം പ്ലാസ്റ്റിക്സ് | 1220101881/11.10.2022 |
| 6 | 2019-20 | 1-17 | ₹4500.00 | പ്രൊപ്രൈറ്റർ, അടിവാട് പ്ലാസ്റ്റിക്സ് | 1220101882/11.10.2022 |
| | | ആകെ | ₹14820 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹ 2,85,33,933 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹ 2,52,96,248 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹ 5,144 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 13,45,085 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-13 & 2-1 | ₹ 5,144 | - | എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹2,00,000 | എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 1-21 | ₹ 1,00,000 | ഷെർമി ജോർജ്ജ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. എളങ്കാവം |
| 1-25 | ₹ 2,00,000 | ഡോ.സജി ജോൺ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-26 | ₹ 50,000 | നസ്രീൻ നാസർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-27 | ₹ 7,95,085 | എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| ആകെ | ₹13,45,085 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എം.ഷംസുദ്ദീൻ | സെക്രട്ടറി, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | മണ്ണന്തറ, പല്ലാരിമംഗലം.പി.ഒ. |
| ഷെർമി ജോർജ്ജ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. എളങ്കാവം | മുണ്ടക്കൽ ഹൌസ്, കോതമംഗലം |
| ഡോ.സജി ജോൺ | മെഡിക്കൽ ഓഫീസർ ഹോമിയോ | ഐക്കനാട്ട്, മുളന്തുരുത്തി പി.ഒ. |
| നസ്രീൻ നാസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | മേഹർ, കളത്തിൽ, സൺലെയിൻ, ബീരാക്കുട്ടി റോഡ്, ഇടപ്പള്ളി പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | ------ | |
| 2000-01 | എൽ.എഫ്.ഇ(പി1)1318/2009 തീ. 16.02.02 | 3 |
| 2001-02 | എൽ.എഫ്.ഇ(പി1)862/2003 തീ. 14.11.2003 | |
| 2002-03 | എൽ.എഫ്.ഇ(പി1)284/20005 തീ. 15.11.2005 | 2 |
| 2003-2004 | എൽ.എഫ്.ഇ(പി7)1442/2008 തീ. 8.4.09 | 4 |
| 2006-2007 | എൽ.എഫ്.ഇ(പി7)1445/2008 തീ. 8.4.09 | 2 |
| 2008-2009 | എൽ.എഫ്.ഇ(പി7)851/2012 തീ. 12.7.12 | 1 |
| 2009-2010 | എൽ.എഫ്.ഇ(പി7)296/2011 തീ. 12.7.12 | 1 |
| 2010-2011 | എൽ.എഫ്.ഇ(പി7)852/2012 തീ. 12.7.12 | 3 |
| 2011-12&12-13 | എൽ.എഫ്.ഇ(പി7)1351/2014 തീ.12.12.2014 | 2 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി7)42/17 തീ. 21.5.16 | 11 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി7)1855/17.തീ.28.11.17 | 9 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി7)145/19.തീ.05.3.19 | 10 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി7)262/20.തീ.12.03.20 | |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി)1918/21.തീ.13.06.22 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി7)1919/21.തീ.13.06.22 | |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(പി7)1888/22തീ.27.12.22 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/220/2023(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Varapetty Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Varapetty Grama Panchayat for the year 2022-2023

Date: 30/09/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Varapetty Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.

**2.Other Observations**

1. The following mandatory financial statements prescribed in Accounting Rules are not submitted for audit. Ratios and Notes on Accounts.

2. Discrepancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in *ÂÂÃÃÃÂÂÂÃÃÂÂNet increase/ decrease in cash and cash equivalents* (Rs.3237686.00) is not matched with the *Net Cash Generated By Operating+Investing+Financing Activity* which is recoderd as Rs.14172429. Both figures should be equal as per the approved accounting standards.

3. Total value of assets in the B-11 Schedule of Balance Sheet is Rs.36,11,583.00 where as Depreciation charged under 10 heads amounts to -Rs.4,03,30,298.00 . The value of land assets is not included in the Asset register. The value of stock as per Stock Register is also excluded in the schedule.

*4. Capital Contribution* in B-3 Schedule is the sum of *Fixed assets* in schedule B11 and C*apital Work in Progress* in Schedule B11 (b). But a difference of Rs.8,12,63,309/-is seen in these heads.

5. The arrears under different heads as per Schedule B-15 amounts to Rs642563.00/-. But the provision for doubtful debts for tax and non tax revenues as per G.O 152/2011/LSGD dtd 26/07/2011, Rule 58(4)H of Kerala Panchayath Raj Accounting rules, 2011 is not made in the Income & Expenditure Statement.

6. Property Tax D.C.B in A.F.S is not in tally with the DCB in Sanchaya Statements.

7. Amount deposited with Kerala Water Authority in F.Y 2022-23 amounts to Rs.2,00,000.00. But only Rs.1,00,000.00 is recorded in RP-49 schedule in the AFS. An opening balance of Rs.42068.00 and Rs.187188.00 respectively for K.S.E.B and Kerala Water Authority is recorded in the Advance register . But the project details, vouchers, date of transfer of money etc are not recorded.

8. The expenditure and balance in the head *âDeposit Received For Halls and Auditoriumsâ* in the AFS is Rs.95000.00 and Rs.51400.00 respectively .But the same is recorderd in the Deposit Register as Rs.92500.00 and Rs.53900.00. In addition,Rs.2500.00 in respect of Bidders Security deposit of 2000.00 and Auction Deposit Rs.500.00 is not transferred from deposit head to income head.

9. A difference of Rs.3670.00 is found in Distress Relief fund as Closing Balance as per bank passbook is Rs.41,459.00 and the same is recorded as Rs.45,129.00 in schedule B-2 of the AFS.

10. The balance amount kept in the SBI E-tender fees account of the Assistant Engineer, LSGD Engineering wing is not taken into account while preparing the AFS.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്